സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ഇത് 2015 നവംബർ മാസത്തോടെ പ്രവർത്തനക്ഷമമാകുന്നതാണ്. കൂടാതെ സംസ്ഥാനത്തുടനീളം ചെലവ് കുറഞ്ഞതും ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് ചെറുതും ഇടത്തരവുമായ IT/ITES Electronics Sector സംരംഭങ്ങൾ ആരംഭിക്കുന്നതിനായി RITEL പാർക്കുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്.

(ബി&സി) ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

അക്ഷയ സംരംഭകർക്ക് നൽകാനുള്ള കുടിശ്ശിക

111 (5916) <u>ശ്രീമതി അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സേവനങ്ങൾ പ്രദാനം ചെയ്ത ഇനത്തിൽ അക്ഷയ സംരംഭകർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ട് ;

(ബി) ജനസമ്പർക്ക പരിപാടിയുടെ രജിസ്ട്രേഷൻ നടത്തിയ വകയിൽ അക്ഷയ സംരംഭകർക്ക് എത്ര തുക നൽകാനുണ്ട് ;

(സി) പ്രസ്തുത തുക ലഭ്യമാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിവിധ സേവനങ്ങൾ പ്രദാനം ചെയ്ത ഇനത്തിൽ അക്ഷയ സംരംഭകർക്ക് നൽകുവാനുള്ള തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ജനസമ്പർക്ക പരിപാടിയുടെ രജിസ്ട്രേഷൻ നടത്തിയ വകയിൽ 35,76915 രൂപയും സർവ്വീസ് ടാക്സ് ഇനത്തിൽ 50,0768 രൂപയും ചേർത്ത് ആകെ 40,77683 രൂപ സേവന നിരക്കായും നൽകാനുണ്ട്. ഈ കുടിശ്ശിക പൂർണ്ണമല്ല. പാലക്കാട് ജില്ലയിലെ ജനസമ്പർക്ക പരിപാടിയോടനുബന്ധിച്ച് ലഭ്യമാക്കാനുള്ള തുകയുടെ വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ.

(സി) പ്രസ്തുത തുക അനുവദിക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി

112 (5917) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly